## വത്തിക്കാൻ

# തരംഗം




**മക്കളെ നഷ്ടപ്പെട്ട ഏതൊരാൾക്കു വേണ്ടിയും പ്രാർത്ഥിക്കാം**

**ഒരു മകന്റെയോ മകളുടെയോ നഷ്ടത്തിൽ വിലപിക്കുന്ന എല്ലാ മാതാപിതാക്കളും അവരുടെ സമൂഹത്തിൽ നിന്ന് പിന്തുണ കണ്ടെത്താനും പരിശുദ്ധാത്മാവിൽ നിന്ന് സമാധാനവും ആശ്വാസവും ലഭിക്കാനും ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം നവംബർ 2024

കെസിബിസി മീഡിയ Vol No.34 No.11 November 2024 Rs.5.00



33 ) മത് കെസിബിസി
മീഡിയ അവാർഡ് വിതരണം
KCBC MEDIA COMMISSION POC, KOCHI
ഡിസംബർ 20 , വെള്ളി 5.30 പിഎം
പി. ഒ. സി പാലാരിവട്ടം
Arch Bp. Mar Joseph Pamplany
Chairman, kcbc media commission
Sol. Adv. Cllr. Baiju Thittala
Mayor of Cambridge, U.K
അവാർഡ് ജേതാക്കൾ
മാധ്യമ പുരസ്കാരം
സാഹിത്യ പുരസ്കാരം
യുവ പ്രതിഭ
ദർശനിക വൈജ്ഞാനിക പുരസ്കാരം
സിജോ പൈനാടത്ത്
ജോണി മിറാൻഡാ
ജിലുമോൾ
ഡോ. സീമാ ജെറോം
ഗുരുപൂജ പുരസ്കാരം
സിബി ചങ്ങനാശ്ശേരി
ചാക്കോ കോലോത്തുമണ്ണിൽ
ഫാ ആന്റണി ഉരുളിയാനിക്കൽ സി എം ഐ
ഫാ ജോഷ്വാ കന്നിലേത്ത്
www.kcbcmediacommission.com
ICON MEDIA ONLINE
KCBC MEDIA
KCBC MEDIA
kcbcmediacom
KCBC NEWS
www.kcbcnews.com




# വത്തിക്കാൻ തരംഗം
# VATHICAN THARANGAM

November - 2024
RN. 55 178/94
പുസ്തകം- 34

Monthly
ലക്കം-11


## ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- തിരുഹൃദയ ഭക്തിയുടെ ... 05
- മാധ്യമ പ്രവർത്തനം ... 09
- മാർപാപ്പയെ സന്ദർശിച്ച് ... 15
- തളരാത്ത നന്മയുടെ ... 19
- ജീവദാതാവായ ... 22
- വാർത്തയും ചിന്തയും ... 26



*മുഖ്യരക്ഷാധികാരി*

- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*

- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* ◆ ഡോ. അബ്രാഹം ഇരിമ്പിനിക്കൽ

*എഡിറ്റർ* ◆ ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ
- ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* ◆ അഡ്വ . റെനിൽ ആന്റോ

*ലേ ഔട്ട് & ഡിസൈൻ* ◆ മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656


**കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ**

EDITORIAL



# മലയാളത്തിന്റെ ചെറുതൂവൽ തൂലികയിൽ നിന്നുതിരുന്ന ശാന്തിഗീതം !

മതങ്ങളും സംസ്കാരങ്ങളും തമ്മിലുള്ള  പൊൻനൂലിഴ ബന്ധം ഇന്നും നാം  നിലനിർത്താൻ പരിശ്രമിക്കുന്നുണ്ട്. ശ്രീനാരായണ ധർമ്മ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന സർവ മത സമ്മേളനത്തിന്റെ ശതാബ്ദിയാഘോഷങ്ങൾക്ക് 2024 നവംബർ 29, 30 തീയതികളിൽ വത്തിക്കാൻ ആതിഥേയത്വം നൽകിയത് ഈ മഹത് യത്നത്തിന്റെ തുടർച്ചയായി മാറി. മലയാളത്തിന്റെ ചെറുതൂവൽ തൂലികയാൽ കുറിച്ചിട്ട ശാന്തിഗീതത്തിന്റെ  മാറ്റൊലികൾ വത്തിക്കാനിൽ മുഴങ്ങിയതും നമുക്ക് അവിസ്മരണീയമായ ദിനങ്ങളാണ് പ്രദാനം ചെയ്തത്. ഒരു സാമൂഹിക പരിഷ്കർത്താവായ ശ്രീനാരായണ ഗുരു രചിച്ച 'ദൈവദശക'ത്തിന്റെ ആലാപനം ഒരർത്ഥത്തിൽ മതാന്തര സമന്വയ സംഭാഷണങ്ങൾക്ക് കവിതയുടെ ചിറകുകൾ നൽകി.



മതവും സംസ്കാരവും തമ്മിലും ആദ്ധ്യാത്മികതയും സർഗാത്മകയും തമ്മിലുമുള്ള പരസ്പര കൈ കോർക്കലിൽ നമുക്ക് ദൈവത്തിന്റെ പ്രസാദാത്മകമായ മുഖം ദർശിക്കാൻ കഴിയുന്നു. വിവിധ മതങ്ങളുടെ വിശ്വാസ തലങ്ങളിലുള്ള ശ്രവണവും സഹിഷ്ണുതയും എക്കാലത്തും ഫ്രാൻസിസ് പാപ്പയുടെ പ്രബോധന വിഷയങ്ങളാണ്. ഈ ആശയത്തിന്റെ ചിന്താസരണികളിൽ വിശുദ്ധ ജോൺപോൾ മാർപാപ്പയുടെ വാക്കുകളും നമ്മെ പ്രചോദിപ്പിക്കേണ്ടതാണ്: ആ വിശുദ്ധൻ പറഞ്ഞു: "മതാന്തര സംഭാഷണത്തിലൂടെ നാം ദൈവത്തെ നമ്മുടെയിടയിൽ സന്നിഹിതനാക്കുകയാണ് ചെയ്യുക. പരസ്പരം ഉള്ള് തുറക്കുന്നവർ ദൈവത്തിലേക്കാണ് ഉള്ളുണർത്തുന്നത്! " ❍

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ




# തിരുഹൃദയ ഭക്തിയുടെ ചാക്രിക ലേഖനം: 'ദിലേക്സിത് നോസ്'

SPECIAL REPORT

**ബാബു കദളിക്കാട്**



**വത്തിക്കാൻ സിറ്റി:** 'ദിലേക്സിത് നോസ്' എന്ന ശീർഷകത്തോടെ ക്രിസ്തുവിന്റെ തിരുഹൃദയത്തെക്കുറിച്ചുള്ള ചാക്രികലേഖനം ഒക്ടോബർ 24 വ്യാഴാഴ്ച പ്രസിദ്ധപ്പെടുത്തി. 'ഹൃദയം' എന്ന വാക്കിൽ കേന്ദ്രീകൃതമാണ് മുറിവേൽപ്പിക്കപ്പെട്ട യേശുവിന്റെ തിരുഹൃദയത്തെയും അതിന്റെ അതിരില്ലാത്ത സ്നേഹത്തെയും രൂപാന്തരീകരണ ശക്തിയെയും കേന്ദ്രീകരിച്ചിട്ടുള്ള 'അവൻ നമ്മെ സ്നേഹിച്ചു' എന്ന ഫ്രാൻസിസ് പാപ്പായുടെ നാലാമത് ചാക്രിക ലേഖനം.

ഈശോയുടെ തിരുഹൃദയം മാർഗരറ്റ് മേരി അലകോക്കിന് നൽകിയ ദർശനത്തിന്റെ 350-ാം വാർഷിക ആഘോഷ അവസരത്തിൽ പുറത്തിറങ്ങിയ അഞ്ച് അധ്യായങ്ങളുള്ള ഈ ചാക്രികലേഖനം വ്യക്തിജീവിതത്തിന്റെയും സഭാജീവിതത്തിന്റെയും സമകാലിക പരിഗണനകളെ തിരുഹൃദയസ്നേഹത്താൽ പുനഃക്രമീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ദൈവവുമായി വ്യക്തിബന്ധമില്ലാത്ത ശൈലിയിലുള്ള മതാത്മകതയുടെ ചിന്തകൾ നിലനിൽക്കുന്ന സമൂഹത്തിൽ യേശുവിന്റെ തിരുഹൃദയത്തോടുള്ള വണക്കത്തിലും സ്നേഹത്തിലും വളരാനും വിശ്വാസത്തിന്റെ ആർദ്രതയും ശുശ്രൂഷയുടെ ആനന്ദവും മിഷനറി തീക്ഷ്ണതയും തിരിച്ചറിയാനും പാപ്പാ ഇതുവഴി ആഗോള സഭയെ ക്ഷണിക്കുന്നു.

## പറവൂർ ഇ.എം.എസ്
## സാംസ്കാരിക പഠനകേന്ദ്രം സംഘടിപ്പിച്ച
## അഖില കേരള പ്രൊഫഷണൽ നാടക മത്സരത്തിൽ



# കോഴിക്കോട്
# സങ്കീർത്തന
# വെളിച്ചം
# 5 അവാർഡുകൾ



മികച്ച രചന



മികച്ച നടി



രണ്ടാമത്തെ നടി



രംഗസജീകരണം

**മികച്ച രണ്ടാമത്തെ നാടകം | മികച്ച രചന**
**മികച്ച നടി | മികച്ച രണ്ടാമത്തെ നടി**
**മികച്ച രംഗസജീകരണം**

സഭയുടെ ഔദ്യോഗിക പഠനങ്ങളും വിശുദ്ധ ഗ്രന്ഥത്തോളമെത്തുന്ന ചരിത്രവും കണക്കിലെടുത്ത്, സഭാമക്കൾക്ക് ആധ്യാത്മികതയുടെ മനോഹാരിത മനസ്സിലാക്കിത്തരുന്നതാണ് 'ക്രിസ്തു നമ്മെ സ്നേഹിച്ചു' എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന 'ദിലേക്സിത് നോസ്' എന്ന് വത്തിക്കാൻ ന്യൂസ് റിപ്പോർട്ടിൽ പറയുന്നു.

## സുവിശേഷം മുഴുവനും തിരുഹൃദയത്തിൽ

ക്രിസ്തുവാണ് ആദ്യം നമ്മെ സ്നേഹിച്ചതെന്നും കുത്തിത്തുറക്കപ്പെട്ട അവിടുത്തെ തിരുഹൃദയം വ്യവസ്ഥകളൊന്നുമില്ലാതെ നമ്മെ സ്നേഹിക്കാനും തന്റെ സൗഹൃദം നൽകാനുമായി കാത്തിരിക്കുകയാണെന്നും ചാക്രിക ലേഖനത്തിൽ പാപ്പാ ഓർമ്മിപ്പിക്കുന്നു. ഹൃദയത്തിന്റെ പ്രാധാന്യം, ക്രിസ്തുസ്നേഹത്തിന്റെ പ്രവൃത്തികളും വാക്കുകളും, ഏറെ സ്നേഹിച്ച ക്രിസ്തുവിന്റെ ഹൃദയം, ദാഹമകറ്റുന്ന ക്രിസ്തുവിന്റെ ഹൃദയം, സ്നേഹത്തിലൂടെ സ്നേഹത്തിലേക്ക് നയിക്കപ്പെടുക എന്നീ ചിന്തകളാണ് അഞ്ച് അധ്യായങ്ങളിലായി പാപ്പാ വിശകലനം ചെയ്യുന്നത്.അവിടുത്തെ തിരുഹൃദയത്തിലേക്ക് നോക്കുമ്പോൾ നമുക്ക് സുവിശേഷം മുഴുവനും കണ്ടെത്താനാകും. നാം ആരാണെന്നും നാം മറ്റുള്ളവരെ സ്നേഹിക്കേണ്ടതെങ്ങനെയെന്നും തിരിച്ചറിയാൻ സാധിക്കും. നാം ആരാണെന്നും നാം മറ്റുള്ളവരെ സ്നേഹിക്കേണ്ടതെങ്ങനെയെന്നും കണ്ടെത്താൻ സാധിക്കും. ക്രിസ്തുവിന്റെ സ്നേഹം തിരിച്ചറിയുന്നിടത്ത് നമുക്ക് സഹോദരബന്ധങ്ങൾ വീണ്ടും തുന്നിപ്പിടിപ്പിക്കാനാകും. ഏവരുടെയും മനുഷ്യാന്തസ്സ് തിരിച്ചറിയാനാകുമെന്നും ഫ്രാൻസിസ് പാപ്പാ ചാക്രിക ലേഖനത്തിൽ കുറിച്ചു.

കിസ്തുവിനോടുള്ള സ്നേഹത്തിൽ നിന്ന് ആർക്കെന്നെ വേർപെടുത്താൻ കഴിയും എന്ന് പൗലോസ് നടത്തിയ ആത്മവിശ്വാസ പൂർണ്ണമായ ഹൃദയവിളിയാണ് 'അവൻ നമ്മെ സ്നേഹിച്ചു' എന്ന തലവാചകത്തിന്റെ ഉൾക്കാമ്പ് (റോമാ 8:35–39).സാമൂഹിക മാധ്യമങ്ങളോടുള്ള അടിമത്തവും സാങ്കേതികവിദ്യകളുടെ അധീശത്വവും പരാമർശിച്ചുകൊണ്ട് ഉപഭോഗ സംസ്കാരവും ഉപരിപ്ലവതയും പിടിമുറുക്കി അമിതവേഗതയിൽ കെട്ടപ്പെട്ടിരിക്കുന്ന ആധുനിക സംസ്കാരത്തിൽ മനുഷ്യജീവിതത്തിന് ഉണ്ടാകുന്ന പരിക്കുകളും അന്യവൽക്കരണവും ചാക്രിക ലേഖനം കൃത്യമായി നിരീക്ഷിക്കുന്നു. മനുഷ്യന്റെ അനന്യതയും ലക്ഷ്യവും ആന്തരികതയും നഷ്ടപ്പെടുന്ന സാംസ്കാരിക മാറ്റങ്ങളിൽ മനുഷ്യഹൃദയങ്ങളോടുള്ള ബന്ധം തിരിച്ചുപിടിക്കുവാനും അതിനോടു സംവദിക്കുവാനും അതിനെ ക്രിസ്തു ഹൃദയത്തോട് ചേർത്തുവയ്ക്കുവാനും മാർപാപ്പ ആവശ്യപ്പെടുന്നു. കാരണം എല്ലാ വ്യക്തികളുടെയും ജീവിതത്തിന് ഒരു കേന്ദ്രം ആവശ്യമുണ്ട്; സത്യത്തിന്റെയും നന്മയുടെയും ഒരു സ്രോതസ്സ് ആവശ്യമുണ്ട്. ജീവിത പ്രതിസന്ധിയിൽ ആശ്രയിക്കാൻ തക്ക രീതിയിൽ വിശ്വസനീയമായ ഒരു സാന്നിധ്യം ആവശ്യമുണ്ട്. അത് ക്രിസ്തുവിന്റെ സാന്നിധ്യമാണ്, ലോകത്തിന്റെ ഹൃദയമാണ്.

## തിരുഹൃദയ ഭക്തിയുടെ സാമൂഹികമാനം

സഭയുടെ പാരമ്പര്യത്തിലുള്ള തിരുഹൃദയ ഭക്തിയുടെ സാമൂഹിക മാനമാണ് ചാക്രിക ലേഖനം ശ്രദ്ധയൂന്നിയിരിക്കുന്ന മറ്റൊരിടം. തിരുഹൃദയ ഭക്തി എന്നത് ഏതെങ്കിലും ചിത്രങ്ങളോടോ രൂപങ്ങളോടോ ഉള്ള സ്നേഹമല്ല, അത് വ്യക്തിപരമായ ആത്മീയ പരിപാടിയും അല്ല. അത് ക്രിസ്തു എന്ന വ്യക്തിയോടുള്ള സ്നേഹമാണ്. തിരുഹൃദയഭക്തി

എന്നത് ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള നമ്മുടെ ഹൃദയത്തിന്റെ സമന്വയമാണ്. അത് സാമൂഹിക ഉത്തരവാദിത്വത്തിലേക്ക് നമ്മെ എടുത്തുയർത്തുകയും മതനിരാസത്തിന്റെ ചിന്തകളെ ചെറുക്കുകയും ചെയ്യുന്നു. വ്യാഴാഴ്ചകളിലെ ദിവ്യകാരുണ്യ ആരാധനയും ആദ്യ വെള്ളിയാഴ്ചയിലെ ദിവ്യകാരുണ്യ സ്വീകരണവും ഒക്കെ ഈ തിരുഹൃദയഭക്തി ആഴ്ന്നിറങ്ങുവാൻ നമ്മെ സഹായിക്കുന്നുവെന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു.

യേശുഹൃദയം നമുക്കായി തുറന്നു വയ്ക്കുന്നതു സുവിശേഷ സാരം തന്നെയാണ്. രോഗികൾക്ക് സൗഖ്യവും പാപികൾക്ക് ക്ഷമയുമായി ദൈവത്തിന്റെ വ്യക്തിപരമായ സ്നേഹം പ്രകടമായി. മനുഷ്യരുടെ ഹൃദയത്തെ അഗാധമായി അവൻ അറിഞ്ഞു. അവന്റെ മനുഷ്യത്വവും വൈകാരികതയും സമ്പൂർണ്ണ സമർപ്പണവും വഴിയും അവൻ ഏറ്റവും ആഴമുള്ള സ്നേഹം മനുഷ്യർക്ക് നൽകി.അതുകൊണ്ടുതന്നെ തിരുഹൃദയത്തോടുള്ള സ്നേഹബന്ധം പരിഹാര പ്രവൃത്തികളിലേക്ക് നയിക്കണം. അത് കുറ്റബോധത്തിൽ നിന്ന് പുറപ്പെടുന്നത് ആകരുത്. പകരം ദൈവസ്നേഹത്തിലുള്ള നവീകരണത്തിനും സമാധാനത്തിനും വേണ്ടിയാകണം. ഇത്തരം പരിഹാര ക്രിയകൾ ക്രിസ്തുവിന്റെ ഹൃദയത്തെ യഥാർഥമായി ആശ്വസിപ്പിക്കും. വ്യക്തിഗതമായ പ്രവൃത്തികളാലുള്ള പാപങ്ങളുടെ ഫലമായി രൂപപ്പെട്ടിരിക്കുന്ന മാനവകുലത്തിന്റെ മുറിവുകൾ  നീതിയുടെയും കരുണയിലൂടെയും  സൗഖ്യപ്പെടുത്തുവാനും പാപ്പാ ആവശ്യപ്പെടുന്നു.സാമൂഹികമായ അനീതികൾ സജീവമായ സ്നേഹവും ശുശ്രൂഷയും വഴി അറുതി വരുത്താൻ തിരുഹൃദയം പ്രചോദിപ്പിക്കുന്നു.

## വിശ്വ സാഹോദര്യത്തിന്റെ ഉള്ളൊഴുക്കുകൾ

സുവിശേഷവുമായി ബന്ധമില്ലാത്ത ബാഹ്യപ്രവർത്തനങ്ങളിൽ മുഴുകി ഘടനാ കേന്ദ്രീകൃത സ്വഭാവങ്ങളുള്ള ബ്യൂറോക്രാറ്റിക് ശൈലിയുള്ള ഒരു സഭ പ്രസക്തമല്ല. മറിച്ച്, സംവേദനക്ഷമതയുള്ള, ശുശ്രൂഷിക്കുന്നതിൽ സന്തോഷമുള്ള ഒരു സഭയാണുണ്ടാകേണ്ടത്. ക്രിസ്തുവിന്റെ തിരുഹൃദയസ്നേഹത്തിൽ സഭ സ്വയം കേന്ദ്രീകരിക്കുക എന്നതാണ് പരിഹാരം. ക്രിസ്തുവിന്റെ തിരുഹൃദയത്തോട് മനുഷ്യകുലത്തിന്റെ മുറിവുകളെ സുഖപ്പെടുത്തുവാനും സ്നേഹിക്കുവാനും ശുശ്രൂഷിക്കാനുമുള്ള മനുഷ്യന്റെ കഴിവുകളെ ഉജ്ജ്വലിപ്പിച്ച് നീതിയിലും സഹോദര സ്നേഹത്തിലും ലോകത്തെ നയിക്കുവാനും പ്രാർഥിച്ചുകൊണ്ടാണ് ചാക്രിക ലേഖനം അവസാനിക്കുന്നത്.

'അവൻ നമ്മെ സ്നേഹിച്ചു' എന്ന ചാക്രിക ലേഖനത്തിലൂടെ പാപ്പ ആഹ്വാനം ചെയ്യുന്നത് തിരുഹൃദയത്തിന്റെ ആർദ്രത ഏറ്റെടുത്ത് സാർവത്രിക സ്നേഹത്തിന്റെ സംസ്കാരം സൃഷ്ടിക്കാനാണ്. ലൗദാത്തോ സി, ഫ്രത്തെല്ലി തുത്തി എന്നീ മുൻ ചാക്രിക ലേഖനങ്ങളെ തിരുഹൃദയ സ്നേഹത്തോട് ബന്ധിപ്പിക്കുന്നുണ്ട്. ഈശോയുടെ തിരുഹൃദയത്തോടുള്ള സ്നേഹബന്ധം വിശ്വസാഹോദര്യത്തെ വളർത്തുകയും മനുഷ്യാന്തസിനോടുള്ള ബഹുമാനവും പ്രപഞ്ചത്തോടുള്ള പരിഗണനയും വർധിപ്പിക്കുകയും ചെയ്യുമെന്ന് പാപ്പാ നിരീക്ഷിക്കുന്നു. സഭയുടെ സ്ഥാപനവൽകൃതവും ഘടനാ കേന്ദ്രീകൃതവും മൗലികവാദപരവുമായ നിലപാടുകൾ ക്രിസ്തുവിന്റെ രക്ഷാകരവും സന്തോഷദായകവുമായ സ്നേഹത്തെ മറച്ചുപിടിക്കാൻ സാധ്യതയുണ്ട് എന്ന മുന്നറിയിപ്പും പാപ്പാ നൽകുന്നുണ്ട്. ❍



# 'മാധ്യമപ്രവർത്തനം വിളി; നിയോഗവും'

SPECIAL REPORT



**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

വലിയ ഒരു നിയോഗത്തോടെയുള്ള ജീവിതമാണ് മാധ്യമപ്രവർത്തകരുടേതെന്ന് ഫ്രാൻസിസ് പാപ്പാ. പരസ്പരബന്ധത്തിന്റെ പാലങ്ങൾ പണിയാനും, സമൂഹത്തിൽ കൂട്ടായ്മ വളർത്താനും, വർത്തമാനകാല കാര്യങ്ങളിൽ സജീവമായി ഇടപെടാനുമുള്ള ഉത്തരവാദിത്വമാണ് മാധ്യമപ്രവർത്തകർക്കുള്ളത്. വത്തിക്കാൻ വാർത്താവിനിമയകാര്യാലയത്തിലെ പ്രവർത്തകർക്ക് അനുവദിച്ച കൂടിക്കാഴ്ചയിൽ സംസാരിക്കവെയാണ് മാധ്യമപ്രവർത്തകർ കാത്തുസൂക്ഷിക്കേണ്ട മൂല്യങ്ങളെക്കുറിച്ച് പാപ്പാ ഓർമ്മിപ്പിച്ചത്.

## നമുക്ക് കരുണയുടെ സാക്ഷികളാകാം

പ്രത്യയശാസ്ത്രങ്ങളുടേതുൾപ്പെടെയുള്ള മതിലുകൾ ഉയരുന്ന ഈ ലോകത്ത് പരസ്പരബന്ധത്തിന്റെ പാലങ്ങൾ പണിയാനും, വിഭജനചിന്തകൾ വളർത്തുന്ന ആളുകളുള്ള ഒരു സമൂഹത്തിൽ കൂട്ടായ്മ വളർത്താനും, ലോകം വർത്തമാനകാലത്ത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പലരും നിഷ്ക്രിയരും ഉദാസീനരുമായിരിക്കുമ്പോൾ, അവയിൽ സജീവമായി ഇടപെടാനുമുള്ള ഉത്തരവാദിത്വവും വിളിയും മാധ്യമപ്രവർത്തകർക്കുണ്ടെന്ന് പാപ്പാ പറഞ്ഞു.

വത്തിക്കാനിൽ അടുത്തിടെ അവസാനിച്ച മെത്രാന്മാരുടെ സിനഡിനെക്കുറിച്ച് പരാമർശിച്ച പാപ്പാ, സഭാകൂട്ടായ്മ വളർത്തുന്നതിലും സിനഡാത്മകമായ ഒരു ശൈലിയാണ് നാം അവലംബിക്കേണ്ടതെന്ന് ഓർമ്മിപ്പിച്ചു. നമ്മെ സ്നേഹിക്ക



കയും തന്നിലേക്ക് ക്ഷണിക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ ദിവ്യസ്നേഹം പ്രതിധ്വനിപ്പിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതെന്ന് പറഞ്ഞ പാപ്പാ, രാഷ്ട്രീയ, വ്യാവസായിക ചിന്തയും രീതികളും അവലംബിക്കാനാരംഭിച്ചാൽ, നാം സഭാത്മകതയെത്തന്നെയാണ് നഷ്ടപ്പെടുത്തുകയെന്ന് ഓർമ്മപ്പെടുത്തി. നമ്മെ സ്നേഹിക്കുകയും, വിളിക്കുകയും, നമ്മോട് ക്ഷമിക്കുകയും ചെയ്ത കർത്താവിന്റെ അനന്തമായ കരുണയുടെ സാക്ഷികളാകാൻ നമുക്ക് കടമയുണ്ടെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

വത്തിക്കാന്റെ ആശയവിനിമയ ഡികാസ്റ്ററിയിൽ ജോലി ചെയ്യുന്നവർ എന്ന നിലയിൽ, സത്യം കൊണ്ട് അര മുറുക്കി, നീതിയുടെ കവചം ധരിച്ച്, സമാധാനത്തിന്റെ സുവിശേഷം പരത്താനും, സഭാകൂട്ടായ്മ വളർത്താനും നിങ്ങൾക്ക് ചുമതലയുണ്ടെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. ആളുകളെയും സംസ്കാരങ്ങളെയും ബന്ധപ്പെടുത്താനും, ലോകത്തിന്റെ വിവിധയിടങ്ങളിൽ നടക്കുന്ന സംഭവങ്ങൾ ശരിയായി വിലയിരുത്താനും, മറ്റുള്ളവരിലേക്കെത്തിക്കാനും കഴിവുള്ള ഒരു മാധ്യമപ്രവർത്തനമാണ് വത്തിക്കാനിലെ മാധ്യമപ്രവർത്തനമേഖലയിൽ താൻ സ്വപ്നം കാണുന്നതെന്ന് പാപ്പാ പറഞ്ഞു. സാമ്പത്തികബുദ്ധിമുട്ടുകളുടെയും ചിലവുചുരുക്കലുകളുടെയും ഇടയിലും, അൻപത്തിമൂന്ന് ഭാഷകളിലായി വത്തിക്കാൻ മീഡിയ നൽകുന്ന സേവനങ്ങളിൽ പാപ്പാ സന്തോഷം പ്രകടിപ്പിച്ചു.




**ആശയ വിനിമയം എന്ന ഹൃദയ വായന**

ഹൃദയങ്ങൾ തമ്മിലുള്ള ആശയവിനിമയമെന്ന സ്വപ്നത്തെക്കുറിച്ച് പറഞ്ഞ പാപ്പാ, നമ്മുടെ സഹോദരങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളുടെ മുന്നിൽ മുറിവേൽക്കാൻ തയ്യാറാകുന്ന ഒരു ശൈലിയോടെയും, കൂടുതൽ ധൈര്യത്തോടെയും എല്ലായിടങ്ങളിലേക്കുമെത്താനും, സ്വന്തം ആശയങ്ങളേക്കാൾ, സത്യസന്ധതയോടും തീക്ഷണതയോടും കൂടെ യാഥാർത്ഥ്യങ്ങളെക്കുറിച്ച് സംസാരിക്കാൻ സാധിക്കണമെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. പരസ്യവാചകങ്ങൾക്കപ്പുറം, പാവപ്പെട്ടവരെയും ദരിദ്രരെയും കുടിയേറ്റക്കാരെയും, യുദ്ധത്തിന്റെ ഇരകളെയും പരിഗണിക്കുന്നതും, മറ്റുള്ളവരെ ഉൾക്കൊള്ളുന്നതുമായ മനോഭാവവും, പരസ്പര സംവാദങ്ങളും, സമാധാനശ്രമങ്ങളും പ്രോത്സാഹിപ്പിക്കുന്നതുമായ ഒരു ശൈലിയുമാണ് താൻ വത്തിക്കാൻ മാധ്യമപ്രവർത്തകരിൽനിന്ന് ആഗ്രഹിക്കുന്നതെന്ന് പാപ്പാ വ്യക്തമാക്കി.

തങ്ങളുടെ സമയവും കഴിവും മറ്റുള്ളവർക്കായി മാറ്റിവയ്ക്കാനും, യാഥാർത്ഥ്യങ്ങളിലേക്കിറങ്ങി, തീക്ഷ്ണതയും കഴിവുമുപയോഗിച്ച് അവ മറ്റുള്ളവരിലേക്കെത്തിക്കാനും സാധിക്കുന്ന ഒരു ശൈലിയാണ് താൻ സ്വപ്നം കാണുന്നതെന്ന് പാപ്പാ പറഞ്ഞു. ദൈവപുത്രനായ ക്രിസ്തു രണ്ടായിരം വർഷങ്ങൾക്ക് മുൻപ് നമുക്ക് വെളിവാക്കിത്തന്ന ദൈവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന, സുവിശേഷത്തിന്റെ ചുവയുള്ള വാർത്തകൾ മറ്റുള്ളവരിലേക്കെത്തിക്കുന്നതിന്റെ പ്രാധാന്യം പാപ്പാ ഏവരെയും ഓർമ്മിപ്പിച്ചു. ആശയവിനിമയരംഗത്ത് ധൈര്യപൂർവ്വം മുന്നോട്ട് പോകാനും, പുതിയ ശൈലികൾ പഠിക്കാനും ആശയവിനിമയരംഗത്തുള്ളവരെ ആഹ്വാനം ചെയ്തു.

**സ്നേഹോന്മുഖ വിദ്യാഭ്യാസം**

സ്നേഹത്തോടെയും മനുഷ്യാന്തസ്സ് വളർത്തിയും മുന്നോട്ട് പോകാൻ അധ്യാപന സേവന രംഗത്തുള്ളവരോട് ഫ്രാൻസിസ് പാപ്പാ. മനുഷ്യനെയും അവന്റെ അന്തസ്സിനേയും കേന്ദ്രീകരിച്ച വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പാപ്പാ ഓർമ്മിപ്പിച്ചു. വിദ്യാഭ്യാസരംഗത്തുള്ളവർ പ്രതിസന്ധിഘട്ടങ്ങളിൽ ഒരുമിച്ച് നിൽക്കണം. വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉന്നതമായ മൂല്യങ്ങളും വലിയ ഒരു ഹൃദയവും ആവശ്യമാണ്. വിദ്യാഭ്യാസം സ്നേഹത്തിൽ അധിഷ്ഠിതമാകണമെന്നും 'ആസ്സിയോണെ കത്തോലിക്ക' സംഘടനയുടെ വിദ്യാഭ്യാസപ്രതിബദ്ധതാപ്രസ്ഥാനത്തിന്റെ ദേശീയസമ്മേളനത്തിൽ സംബന്ധിച്ചവർക്ക് അനുവദിച്ച കൂടിക്കാഴ്ചയിൽ സംസാരിക്കവേ പാപ്പാ പറഞ്ഞു. മനുഷ്യകേന്ദ്രീകൃതമായ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യമോർമ്മിപ്പിച്ചും, തുറന്ന ഹൃദയത്തോടെയും പ്രത്യാശയോടെയും സഭ



യുടെയും സമൂഹത്തിന്റെയും ഭാവികൂടിയായ യുവജനങ്ങളെ അനുഗമിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതിന്റെയും പ്രാധാന്യം എടുത്തുപറഞ്ഞുമുള്ളതായിരുന്നു ഫ്രാൻസിസ് പാപ്പായുടെ സന്ദേശം. വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർ, മനുഷ്യാന്തസ്സിന്റെ പൂർത്തീകരണവും അതിന്റെ വളർച്ചയ്ക്കുള്ള ഇടങ്ങളും ഉറപ്പാക്കുന്നതിനായി മനുഷ്യന്റെ പ്രാധാന്യം തിരിച്ചറിയുകയും വിലമതിക്കുകയും ചെയ്യണം. സുവിശേഷത്താൽ പ്രേരിതരായി, കാലത്തിന്റെ അടയാളങ്ങൾ ശ്രദ്ധിച്ച്, ഒരു ചിട്ടയായ കാഴ്ചപ്പാടോടുകൂടിയാണ് 'ആസ്സിയോണെ കത്തോലിക്ക' പ്രസ്ഥാനം വികസിച്ചുവന്നതെന്നും, അതിന്റെ പ്രവർത്തനങ്ങൾ തുടരുന്നതെന്നും പാപ്പാ അനുസ്മരിച്ചു. അതതുപ്രദേശങ്ങളിലെ സഭയും, അൽമായയാഥാർത്ഥ്യങ്ങളുമായി യോജിച്ചതാണ് പ്രസ്ഥാനം പ്രവൃത്തിക്കുന്നതെന്നും പാപ്പാ പറഞ്ഞു.

**വഴി കണ്ടെത്തേണ്ടത്**
**ഒറ്റയ്ക്ക് നടന്നല്ല**

മതങ്ങൾക്ക് പ്രാധാന്യം കുറയുന്ന ഇക്കാലത്ത്, മുൻപുള്ളവയിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു അവസ്ഥയിലൂടെയാണ് ഇന്നത്തെ പൊതുവിദ്യാഭ്യാസരംഗം കടന്നുപോകുന്നതെന്ന് പറഞ്ഞ പാപ്പാ, ക്രൈസ്തവവിദ്യാഭ്യാസവും മാനുഷിക, സാംസ്കാരിക വ്യതിയാനങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്നും ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ഈ വ്യതിയാനങ്ങൾക്കുള്ള ഉത്തരം നാം ഇനിയും തേടേണ്ടതുണ്ടെന്നും അനുസ്മരിച്ചു. വഴിയറിയാത്ത ഇടങ്ങളിൽ ഒരുമിച്ചാണ് വഴി കണ്ടെത്തേണ്ടതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർ വലിയ ഒരു ഹൃദയമുള്ളവരും, ഉന്നതമായ മൂല്യങ്ങൾ മുന്നോട്ടുവയ്ക്കുന്നവരും



ബുദ്ധിമുട്ടുകളുടെ മുന്നിൽ പോകാത്തവരുമാകണമെന്ന് പാപ്പാ ഉദ്‌ബോധിപ്പിച്ചു.

വിഷമസന്ധികളിൽ ഒരുമിച്ച് നിൽക്കേണ്ടതിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ച പാപ്പാ, വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന, കുടുംബങ്ങൾ, അധ്യാപകർ, സാമൂഹ്യസേവകർ, കായികരംഗം നിയന്ത്രിക്കുന്നവർ, മതബോധനം നടത്തുന്നവർ, പുരോഹിതർ, സന്ന്യസ്തർ, വിദ്യാർത്ഥികൾ, തുടങ്ങി ഏവരും ഒരുമിച്ചുനിൽക്കുകയും വിദ്യാഭ്യാസരംഗത്ത് മുന്നോട്ട് പോവുകയും ചെയ്യണമെന്ന് പറഞ്ഞു.

മനുഷ്യനും, അവന്റെ അന്തസ്സും കേന്ദ്രബിന്ദുവായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പാപ്പാ ഓർമ്മിപ്പിച്ചു. 'ആസ്സിയോണെ കത്തോലിക്ക' മുന്നോട്ടുവയ്ക്കുന്ന ചിന്തപോലെ, മനുഷ്യൻ അവന്റെ ആധ്യാത്മിക, അസ്തിത്വ, വൈകാരിക, സാംസ്കാരിക, സാമൂഹ്യ, രാഷ്ട്രീയ മാനങ്ങളിൽ വളർന്നുവരേണ്ടതുണ്ടെന്ന് പാപ്പാ വ്യക്തമാക്കി.

വരാനിരിക്കുന്ന ജൂബിലി വർഷത്തിലേക്ക് പ്രത്യാശയോടെ നോക്കേണ്ടതിന്റെ പ്രാധാന്യവും പാപ്പാ എടുത്തുപറഞ്ഞു. കുട്ടികളുടെയും, കൗമാരപ്രായക്കാരുടെയും യുവജനങ്ങളുടെയും നേർക്ക് പ്രത്യേകമായ കരുതലുണ്ടാകണമെന്ന് ഓർമ്മിപ്പിച്ച പാപ്പാ, അവരെ വിശ്വാസത്തോടെയും, സഹാനുഭൂതിയോടെയും, അതായത് ക്രിസ്തുവിന്റെ ഹൃദയത്തോടെ നോക്കണമെന്ന് പാപ്പാ ആവശ്യപ്പെട്ടു. അവരാണ് സഭയുടെ വർത്തമാനവും ഭാവിയുമെന്ന് പാപ്പാ പ്രസ്താവിച്ചു. വിദ്യാർത്ഥികൾ ഉൾപ്പെടെ ഏവരും സഹോദരങ്ങളായി വളരുന്നതിനായി, ശരിയായ പാത കാണിച്ചുകൊടുക്കണമെന്നും, അതിനായി അവരെ അനുഗമിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്നും പരിശുദ്ധപിതാവ് ഓർമ്മിപ്പിച്ചു. വിദ്യാഭ്യാസം സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണമെന്ന് ഓർമ്മിപ്പിച്ച പാപ്പാ, സ്നേഹമില്ലെങ്കിൽ പഠിപ്പിക്കാനാകില്ലെന്ന് വ്യക്തമാക്കി. അധ്യാപനരംഗത്തുള്ളവർക്കായി ധന്യനായ ജ്യൂസേപ്പേ ലസാത്തിയുടെ മാതൃക മുന്നോട്ടുവച്ച പാപ്പാ, അദ്ദേഹത്തിൽനിന്ന് പ്രേരണയുൾക്കൊണ്ട് പ്രവർത്തിക്കാൻ 'ആസ്സിയോണെ കത്തോലിക്ക' സംഘടനയുടെ വിദ്യാഭ്യാസപ്രതിബദ്ധതാപ്രസ്ഥാനത്തിന്റെ ദേശീയസമ്മേളനത്തിൽ സംബന്ധിച്ചവരെ ആഹ്വാനം ചെയ്തു. 'ആസ്സിയോണെ കത്തോലിക്ക' സംഘടന സഭയോട് ബന്ധപ്പെട്ടും, സഭയ്ക്കുള്ളിലും പ്രവർത്തിക്കുന്നതിന് പാപ്പാ നന്ദി പറഞ്ഞു.

**സമ്പന്നമാണ്**

**ലത്തീൻ ഭാഷ**

ലത്തീൻ ഭാഷ, അറിവിന്റെയും ചിന്തകളുടെയും ഒരു നിധിയാണെന്നും, ഇന്നത്തെ ലോകത്തിന് രൂപം നൽകിയ ചിന്തകൾ ഉൾപ്പെടുന്ന പല സാഹിത്യകൃതികളിലേക്കുമുള്ള ഒരു താക്കോലാണെന്നും ഫ്രാൻസിസ് പാപ്പാ പറഞ്ഞു. പടിഞ്ഞാറൻ സാംസ്കാരികതയുടെ വേരുകളെയും, നമ്മുടെ വ്യക്തിത്വത്തെയുമാണ് ഈ

ഭാഷ പ്രതിനിധാനം ചെയ്യുന്നതെന്ന് പാപ്പാ അഭിപ്രായപ്പെട്ടു. 2023–ലെ ലത്തീൻ ഭാഷാപഠനവുമായി ബന്ധപ്പെട്ട പൊന്തിഫിക്കൽ അക്കാദമി അവാർഡ് വിതരണത്തോടനുബന്ധിച്ച് കർദ്ദിനാൾ ഹൊസെ തൊളെന്തീനോ ദേ മെന്തോൺസയ്ക്കയച്ച സന്ദേശത്തിലാണ് ലത്തീൻ ഭാഷയുടെ പ്രാധാന്യവും പ്രത്യേകതകളും പാപ്പാ പരാമർശിച്ചത്.
ലത്തീൻ ഭാഷയുടെ പഠനത്തിനും ലത്തീൻ ഭാഷയിലൂടെ ഭാഷാ, സാംസ്കാരിക പൈതൃകങ്ങൾ വ്യാഖ്യാനിക്കുന്നതിനുമായി തങ്ങളുടെ ബുദ്ധിശക്തിയും പ്രയത്നങ്ങളുമായി മുന്നോട്ടുപോകുന്ന ആളുകളെ പാപ്പാ അഭിനന്ദിച്ചു. പൊന്തിഫിക്കൽ അക്കാദമി നൽകുന്ന അവാർഡുകൾക്ക് അർഹരായവരെ പാപ്പാ പ്രത്യേകം അഭിനന്ദിച്ചു.
തത്വശാസ്ത്രം, സയൻസ്, കല, രാഷ്ട്രീയം, തുടങ്ങിയവയുടെ പഠനങ്ങൾക്ക് ലത്തീൻ ഭാഷ ഏറെ പ്രധാനപ്പെട്ടതാണ്. ഈ ഭാഷ ഇന്നും നമ്മോട് സംവദിക്കുന്നുണ്ടെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.ലത്തീൻ ഭാഷയും സയൻസും (De rerum natura), ലത്തീൻഭാഷയും രാഷ്ട്രീയവും (De re publica) എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് അവാർഡുകൾ നൽകിയത്.

## നവ കർദിനാൾമാരോട്

ഒക്ടോബർ ആറിന് വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ നടന്ന മധ്യാഹ്നപ്രാർത്ഥനയുടെ അവസാനം ഫ്രാൻസിസ് പാപ്പാ പുതിയതായി 21 കർദിനാൾമാരെ കൂടി നിയമിച്ചു. തന്റെ വിദേശ യാത്രകളുടെ മുഖ്യ സംഘാടകനായ ചങ്ങനാശേരി അതിരൂപതാംഗമായ മോൺസിഞ്ഞോർ ജോർജ് കൂവക്കാട്ടും അവരിൽ ഉൾപ്പെടുന്നു. തിരഞ്ഞെടുക്കപ്പെട്ട നവകർദിനാൾമാർക്ക് ഫ്രാൻസിസ് പാപ്പാ തന്റെ പിതൃതുല്യമായ വാത്സല്യത്തോടെയും, കരുതലോടെയും ഉപദേശങ്ങളടങ്ങിയ കത്ത് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

കത്തിൽ, സഭയുടെ ഐക്യത്തിന്റെയും എല്ലാ സഭകളെയും ഈ റോമിലെ സഭയുമായി ബന്ധിപ്പിക്കുന്ന ബന്ധത്തിന്റെ പ്രകടനമാണ് ഈ കർദിനാൾ പട്ടമെന്നത് പാപ്പാ അടിവരയിട്ടു പറഞ്ഞു. ഒപ്പം കർദിനാൾമാർ തങ്ങളുടെ കരങ്ങൾ കൂപ്പി, കണ്ണുകൾ ഉന്നതങ്ങളിലേക്ക് ഉയർത്തിക്കൊണ്ട്, നിഷ്പാദുകരായി സേവനം ചെയ്യുവാനുള്ള മനോഭാവങ്ങൾ ഉൾക്കൊള്ളണമെന്ന് പാപ്പാ ഓർമിപ്പിച്ചു.
ഈ മൂന്ന് മനോഭാവങ്ങളും വിശദീകരിച്ചുകൊണ്ട്, സഭയ്ക്കുള്ളിലെ അവരുടെ പുതിയ സേവനം കൂടുതൽ ആഴത്തിലാക്കുവാനും, ഏറെ തീക്ഷ്ണതയോടെ മറ്റുള്ളവരെ സ്നേഹിക്കാനും ഹൃദയം വിശാലമാക്കാൻ പാപ്പാ തന്റെ കത്തിലൂടെ ആവശ്യപ്പെടുന്നു. അജപാലകരെന്ന നിലയിൽ ആളുകൾക്ക് വേണ്ടി കൂടുതൽ പ്രാർത്ഥിക്കണമെന്ന് പാപ്പാ പറഞ്ഞു. കാരണം, ദൈവഹിതം വിവേചിച്ചറിയാനും അത് പിന്തുടരാനും സഹായിക്കുന്ന 'വിവേചന മണ്ഡലമാണ്'' പ്രാർത്ഥന.വേദനയും കഷ്ടപ്പാടും നിറഞ്ഞ ലോകത്തിന്റെ എല്ലാ ഭാഗങ്ങളുടെയും കഠിനമായ യാഥാർത്ഥ്യങ്ങളെ സ്പർശിക്കാനുതകും വിധം അനുകമ്പയുടെയും കരുണയുടെയും മാതൃക നൽകിക്കൊണ്ട് നിഷ്പാദുകരായി നടക്കണമെന്നും പാപ്പാ കത്തിൽ ചൂണ്ടിക്കാണിക്കുന്നു.❍



# മാർപാപ്പായെ സന്ദർശിച്ച് ഇസ്രായേൽ, പലസ്തീൻ മുൻ ഭരണാധികാരികൾ

SPECIAL REPORT



ഡോ. എഡ്വേർഡ് എടേഴത്ത്
യു എസ് എ

ഇസ്രായേൽ, പലസ്തീൻ രാജ്യങ്ങൾക്കിടയിൽ നിലനിൽക്കുന്ന യുദ്ധഭീകരത നിരവധി നിരപരാധികളുടെ ജീവൻ അപകടപ്പെടുത്തുമ്പോൾ സമാധാനത്തിനുള്ള ആഹ്വാനവുമായി ഇസ്രായേൽ മുൻ പ്രധാനമന്ത്രി എഹൂദ് ഓൾമെർട്ടും, പലസ്തീന്റെ മുൻ വിദേശകാര്യ മന്ത്രി നാസർ അൽ–കിദ്വയും സമാധാന പ്രവർത്തകരുടെ ഒരു പ്രതിനിധി സംഘവുമായി വത്തിക്കാനിലെത്തി ഫ്രാൻസിസ് പാപ്പായുമായി കൂടിക്കാഴ്ച്ച നടത്തി. ഇരു രാജ്യങ്ങളുടെയും കാര്യത്തിൽ ഫ്രാൻസിസ് പാപ്പായ്ക്കുള്ള പ്രത്യേക താത്പര്യത്തെ ഇരു നേതാക്കളും 'ഒസ്സെർവത്തോരെ റൊമാനോ'യ്ക്ക് അനുവദിച്ച അഭിമുഖസംഭാഷണത്തിൽ അടിവരയിട്ടു പറഞ്ഞു.

2009 വരെ പ്രധാനമന്ത്രിയായിരുന്ന ഓൾമെർട്ടിന് മധ്യപൂർവ്വേഷ്യയിലെ സമാധാന ചർച്ചകളിൽ ഒരു സുപ്രധാന ഭൂതകാലമുണ്ട്. അദ്ദേഹത്തിന്റെ സർക്കാരിന്റെ കീഴിലാണ്, 2006 ലെ ലെബനനിലെ യുദ്ധത്തിൽ വെടിനിർത്തൽ കരാർ ഒപ്പുവച്ചത്. ഫ്രാൻസിസ് പാപ്പായുടെ നല്ല സേവനത്തിനു ഇരുവരും നന്ദി പറഞ്ഞു. 'അരമണിക്കൂറിലധികം സമയം തങ്ങളെ ശ്രവിച്ച പാപ്പാ, സംഘർഷത്തിന്റെ എല്ലാ പരിണാമങ്ങളും അനുദിനം പിന്തുടരുന്നുണ്ടെന്നും എല്ലാ ദിവസവും ഗാസയിലെ ക്രിസ്ത്യാനികളുമായി താൻ ബന്ധപ്പെടുന്നുണ്ടെന്നും' പറഞ്ഞുവെന്നു നേതാക്കൾ പങ്കുവച്ചു.



**ട്രസ്റ്റി ഭരണ കൂടം**
**അനുയോജ്യം**

ഉടനടിയുള്ള വെടിനിർത്തൽ, ഇസ്രായേലി ബന്ദികളെയും, പലസ്തീൻ തടവുകാരെയും ഒരേസമയം മോചിപ്പിക്കുക, രണ്ട് പ്രത്യേക സംസ്ഥാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചർച്ചകൾ സമാധാനപൂർവ്വം നടത്തുക എന്നീ നിർദേശങ്ങൾ ഇരു നേതാക്കളും പാപ്പായ്ക്കു സമർപ്പിച്ചു. വെസ്റ്റ് ബാങ്കിനെയും ഗാസയെയും ബന്ധിപ്പിക്കുന്ന ഒരു ഇടനാഴി അനുവദിക്കുന്ന ഒരു പ്രദേശം ഫലസ്തീനികൾക്കായി നൽകുന്നത് പ്രയോജനകരമാകുമെന്നു ഒൽമെർട്ട് അഭിപ്രായപ്പെട്ടു. ഇസ്രായേൽ, ഗാസയിൽ നിന്ന് സൈന്യത്തെ പൂർണമായി പിൻവലിച്ചുകൊണ്ട്, അതിനു മേൽനോട്ടം വഹിക്കുവാൻ രാഷ്ട്രീയ പ്രതിനിധികളല്ലാതെ, സാങ്കേതിക വിദഗ്ധരും, സാമൂഹ്യ നിപുണരുമായവരുടെ ഒരു കമ്മീഷനെ താത്ക്കാലികമായി നിയമിക്കുകയും വേണമെന്ന് അൽ-കിദ്വ അഭിപ്രായപ്പെട്ടു. സെക്യൂരിറ്റി കൗൺസിൽ ആവർത്തിച്ച് സൂചിപ്പിച്ച നിയമങ്ങൾക്കനുസൃതമായി, നഗരത്തിന്റെ എല്ലാ ഭാഗങ്ങളിലും പൂർണ്ണ അധികാരമുള്ള അഞ്ച് രാജ്യങ്ങളുടെ (വ്യക്തമായും ഇസ്രായേലും പാലസ്തീനും ഉൾപ്പെടെ) ട്രസ്റ്റി ഭരണകൂടം രൂപവത്ക്കരിക്കണമെന്നതുമാണ് സമാ



ധാനത്തിനുള്ള മാർഗം. ഇതിനു ജനാധിപത്യ നേതാക്കൾ നിലവിൽ വരണമെന്നുമുള്ള ഫ്രാൻസിസ് പാപ്പായുടെ ആഗ്രഹവും ഇരുവരും പങ്കുവച്ചു.

**അബ്രഹാമിക് ഫാമിലി ഹൗസ്**

അറബ് എമിരേറ്റ്സിലെ അബ്രഹാമിക് ഫാമിലി ഹൗസിൽ നിന്നുള്ള പ്രതിനിധി സംഘത്തെയും ഫ്രാൻസിസ് പാപ്പാ വത്തിക്കാനിൽ സ്വീകരിച്ചു.അബ്രഹാമിക് ഫാമിലി ഹൗസ് പ്രസിഡൻ്റ് മുഹമ്മദ് ഖലീഫ അൽ മുബാറക്കിൻ്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘത്തോട്, ഒപ്പുവയ്ക്കപ്പെട്ട മതാന്തര സൗഹാർദ്ദം സാക്ഷാത്കരിക്കാനുള്ള ശ്രമങ്ങൾക്ക് പാപ്പാ നന്ദി പറഞ്ഞു. വത്തിക്കാനിലെ മതാന്തര സംവാദങ്ങൾക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രതിനിധികളും സദസ്സിൽ സന്നിഹിതരായിരുന്നു. യുണൈറ്റഡ് അറബ് എമിറേറ്റ്സിൻ്റെ തലസ്ഥാനമായ അബുദാബിയിൽ ഒരു സിനഗോഗ്, ഒരു ക്രൈസ്തവദേവാലയം, ഒരു ഇസ്ലാമിക പള്ളി എന്നിവ ഉൾക്കൊള്ളുന്ന ഒരൊറ്റ സമുച്ചയമാണ് അബ്രഹാമിക് ഹൗസ്. 2023-ൻ്റെ തുടക്കത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഈ അതുല്യമായ ഘടന, ലോകസമാധാനത്തിനും പരസ്പരം ഐക്യത്തിൽ ജീവിക്കുന്നതിനുമുള്ള മനുഷ്യ സാഹോദര്യത്തെക്കുറിച്ചുള്ള ചരിത്രപരമായ, പാപ്പാ ഒപ്പുവച്ച 2019 രേഖയിൽ പ്രതിപാദിച്ചിരിക്കുന്ന മതാന്തര സഹവർത്തിത്വത്തിൻ്റെയും ഐക്യത്തിൻ്റെയും ജീവിതത്തെ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ സുഗമമാക്കുകയും ചെയ്യുന്നു. 2019 ഫെബ്രുവരിയിൽ പാപ്പായുടെ എമിറേറ്റ്സ് സന്ദർശനത്തെത്തുടർന്ന് യാഥാർത്ഥ്യമായ അബ്രഹാമിക് ഫാമിലി ഹൗസ്, മനുഷ്യ സാഹോദര്യത്തെക്കുറിച്ചുള്ള രേഖയിൽ വിവരിച്ച തത്വങ്ങൾ ഉൾക്കൊള്ളുന്നു. അബുദാബിയിലെ സാദിയാത്ത് കൾച്ചറൽ ജില്ലയിൽ സ്ഥിതി ചെയ്യുന്ന അബ്രഹാമിക് ഫാമിലി ഹൗസ് പഠനത്തിനും സംഭാഷണത്തിനും വിശ്വാസത്തിനുമുള്ള ഒരു കേന്ദ്രമാണ്.ഭരണാധികാരിയായ അഹമ്മദ് അൽ തയീബ് മസ്ജിദ്, വിശുദ്ധ ഫ്രാൻസിസ് അസ്സീസിക്ക് സമർപ്പിച്ചിരിക്കുന്ന സെൻ്റ് ഫ്രാൻസിസ് കാത്തലിക് ചർച്ച്, മോസസ് ബെൻ മൈമൺ സിനഗോഗ് എന്നിവയാണ് ഇത് ഉൾക്കൊള്ളുന്ന മൂന്ന് ആരാധനാലയങ്ങൾ. 2023-ൽ തുറന്നതുമുതൽ, സേവനങ്ങൾക്കും പ്രാർത്ഥനകൾക്കുമായി 130,000 ആളുകളെ ഈ സ്ഥലം സ്വാഗതം ചെയ്തിട്ടുണ്ട്, കൂടാതെ ക്രിസ്ത്യൻ ആരാധനാ കലണ്ടറിലെ പ്രധാന നിമിഷങ്ങൾ അടയാളപ്പെടുത്തുന്നതും വിവാഹങ്ങളും, മാമ്മോദീസയും പോലുള്ള ആഘോഷ അവസരങ്ങളും ഉൾപ്പെടെ 100 ലധികം കാര്യങ്ങൾക്കും ഇവിടം ആതിഥേയത്വം വഹിച്ചിട്ടുണ്ട്.

**മദ്ധ്യപൂർവ്വദേശത്തിന് പ്രാർത്ഥന, സ്നേഹം**

2023 ഒക്ടോബർ 7-ന് കുഞ്ഞുങ്ങളുൾപ്പടെ 1200-ലേറെപ്പേരുടെ ജീവനപഹരിച്ചുകൊണ്ട് ഹമാസ് ഇസ്രായേലിനെതിരെ നടത്തിയ ആക്രമണത്തിൻ്റെ വാർഷികദിനത്തിൽ ഫ്രാൻസിസ് പാപ്പാ മദ്ധ്യപൂർവ്വദേശത്തെ കത്തോലിക്കർക്ക് തൻ്റെ സാമീപ്യവും





പ്രാർത്ഥനയും ഉറപ്പേകുന്ന സന്ദേശമേകി.ആയുധങ്ങളെ നിശബ്ദമാക്കുന്നതിലും യുദ്ധ ദുരന്തത്തിനറുതിവരുത്തുന്നതിലും അന്താരാഷ്ട്രസമൂഹത്തിന്റെയും ഏറ്റം ശക്തമായ നാട്ടുകളുടെയും കഴിവില്ലായ്മ ലജ്ജാകരമാണെന്ന് മാർപ്പാപ്പാ തദവസരത്തിൽ നിരീക്ഷിച്ചു. നിണവും കണ്ണീരും ഒഴുകുകയും രോഷവും പ്രതികാരവാഞ്ഛയും വർദ്ധമാനമാകുകയും ചെയ്യുമ്പോൾ ഏറ്റവും ആവശ്യമുള്ളതും അഭിലഷണീയവുമായ സംഭാഷണത്തെയും സമാധനത്തെയും കുറിച്ച് ചിന്തിക്കുന്നവർ ചുരുക്കമാണെന്ന ഖേദകരമായ വസ്തുത പാപ്പാ കത്തിൽ ചൂണ്ടിക്കാട്ടുന്നു.യുദ്ധം എന്നും ഒരു തോൽവിയാണെന്നും ആയുധങ്ങൾ ഒരിക്കലും ഭാവി കെട്ടിപ്പടുക്കുന്നില്ല പ്രത്യുത അതിനെ നശിപ്പിക്കുകയാണ് ചെയ്യുന്നതെന്നും അക്രമം ഒരിക്കലും സമാധാനം കൊണ്ടുവരില്ലയെന്നുമുള്ള തന്റെ ബോധ്യം താൻ അക്ഷീണം ആവർത്തിക്കുമെന്ന് പാപ്പാ പറഞ്ഞു.

ചരിത്രം ഇത് തെളിയിക്കുന്നുണ്ടെങ്കിലും വർഷങ്ങളായുള്ള സംഘർഷങ്ങൾ നമ്മെ ഒന്നും പഠിപ്പിച്ചിട്ടില്ല എന്ന പ്രതീതിയാണ് ഉളവാകുന്നതെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. സമാധാനം എങ്ങനെ കണ്ടെത്താനാകുമെന്ന് അറിയാത്ത ഒരു അവസ്ഥയിലാണ് ഇന്ന് ജനങ്ങൾ. ദൈവത്തോടു സമാധാനം യാചിക്കുന്നതിൽ ക്രൈസ്തവരായ നമ്മൾ ഒരിക്കലും തളരരുത്. പ്രാർത്ഥനയും ഉപവാസവും ചരിത്രത്തെ മാറ്റിമറിച്ചതും യുദ്ധത്തെ പരിപോഷിപ്പിക്കുന്ന ദുഷ്ടാരൂപിയായ ശത്രുവിനെ പരാജയപ്പെടുന്നതുമായ യഥാർത്ഥ ആയുധമാണെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. അതുകൊണ്ടു തന്നെയാണ് താൻ ഭീകരാക്രമണ വാർഷിക ദിനം പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദിനമായാചരിക്കാൻ ആഹ്വാനം ചെയ്തതെന്നു പാപ്പാ വെളിപ്പെടുത്തി. സമാധാനത്തിനും നീതിക്കും വേണ്ടി ദാഹിക്കുകയും തിന്മയുടെ യുക്തിക്ക് വഴങ്ങാതിരിക്കുകയും യേശുനാമത്തിൽ 'ശത്രുക്കളെ സ്നേഹിക്കുകയും തങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന' എല്ലാവരോടുമൊപ്പം താനുണ്ട്. ❍



# തളരാത്ത, നന്മയുള്ള, ജാഗ്രതയുള്ള ഹൃദയത്തിനു ഉടമകളാകുക

**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**



മനുഷ്യപുത്രന്റെ ആഗമനത്തിന്റെ അടയാളങ്ങൾ ആശങ്കാജനകമാണെങ്കിലും അവ സംഭവിക്കുമ്പോൾ നമ്മൾ തളരാതെ ഉണർവ്വുള്ളവരായിരിക്കണമെന്നും പ്രത്യാശ വീണ്ടും കണ്ടെത്തുന്നതിന് കർത്താവിന് ഇടം നൽകാൻ തയ്യാറാകണമെന്നും ഫ്രാൻസീസ് പാപ്പ പ്രബോധിപ്പിച്ചു. വി.ലൂക്കായുടെ സുവിശേഷം 21:25--28; 34-36 വരെയുള്ള തിരുവചനങ്ങൾ വ്യാഖ്യാനിക്കുമ്പോഴാണ് പാപ്പ ഇപ്രകാരം പഠിപ്പിച്ചത്. മനുഷ്യപുത്രന്റെ ആഗമനത്തിന്റെയും ജാഗ്രുഗരായിരിക്കേണ്ടതിന്റെ ആവശ്യകതയേയും കുറിച്ച് ഈശോ പറയുന്ന ഭാഗം വിവരിച്ചുകൊണ്ടാണ് പാപ്പ പറയുന്നത്. പ്രാപഞ്ചിക പ്രക്ഷുബ്ധാവസ്ഥയെ കുറിച്ചും മാനവരാശിയുടെ ഉത്കണ്ഠയെയും ഭയത്തെയും കുറിച്ചുള്ള സുവിശേഷ ഭാഗമാണ് ഇവിടെ പാപ്പ വിചിന്തന വിഷയമാക്കുന്നത്. ഈശോ തന്റെ ശിഷ്യന്മാരോട് പ്രത്യാശയെ കുറിച്ച് പഠിപ്പിച്ചുകൊണ്ട് പറയുന്നത് ഓരോ ക്രിസ്തു ശിഷ്യനും വിമോചനം ലഭിക്കുമെന്ന പ്രത്യാശയോടെ ശിരസ്സ് ഉയർത്തി നിൽക്കണമെന്നും (ലൂക്ക.21:28) അവരുടെ ഹൃദയങ്ങൾ ഒരിക്കലും മന്ദീഭവിക്കാതിരിക്കണം (ലൂക്ക.21:34) എന്നുമാണ്.



## ശിരസ്സുയർത്തി നിൽക്കുക

ശിരസ്സുയർത്തി ഹൃദയത്തെ ഭാര രഹിതവും ജാഗ്രതയുള്ളതുമാക്കി നിറുത്തണം എന്ന് ഈശോ നമ്മോട് ആവശ്യപ്പെടുന്നു എന്ന സത്യത്തെ ഫ്രാൻസീസ് പാപ്പ വിശദീകരിക്കുന്നു. ഈശോയുടെ സമകാലികരിൽ പലരും തങ്ങൾക്ക് ചുറ്റുമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, പീഡനങ്ങൾ, സംഘർഷങ്ങൾ എന്നിങ്ങനെയുള്ള വിനാശകരമായ സംഭവങ്ങൾ കാണുമ്പോൾ ആശങ്കാകുലരാവുകയും ലോകാന്ത്യം ആസന്നമായിരിക്കുന്നു എന്നു ചിന്തിക്കുകയും ചെയ്യുന്നു. കാരണം അവരുടെ ഹൃദയം ഭയത്താൽ ഭാരപ്പെട്ടിരിക്കുന്നു. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായ വളരെ വലിയ സത്യമാണ് ഈശോ പഠിപ്പിക്കുന്നത്. ഹൃദയത്തിൽ എങ്ങനെ ഉണർന്ന് പ്രവത്തിക്കാമെന്നും ചരിത്രത്തിലെ ഏറ്റവും നാടകീയ സംഭവങ്ങളിൽ പോലും രക്ഷ കൊണ്ടു വരുന്ന ദൈവിക പദ്ധതിയിൽ നിന്ന് തുടങ്ങി സകല സംഭവങ്ങളും എങ്ങിനെ വായിച്ചെടുക്കാമെന്നും സൂചിപ്പിച്ചു ഇപ്പോൾ അനുഭവിക്കുന്ന അനാവശ്യ ഉത്കണ്ഠകളിലും വളരെ തെറ്റായ ബോധ്യങ്ങളിലും നിന്ന് ഈശോ നമ്മെ മോചിപ്പിക്കാൻ ആഗ്രഹിക്കുന്നു. പക്ഷെ ഇതിനു അവരുടെ നോട്ടം സ്വർഗ്ഗത്തി



ലേക്ക് തിരിക്കാൻ ശക്തമായി നിർദ്ദേശിച്ച് ഈശോ പറയുന്ന ഒരു സത്യമാണ്'ശിരസ്സുയർത്തിനിൽക്കുവിൻ' (ലൂക്ക.21:28 ) എന്നത്.

## ഹൃദയം ഭാരപ്പെടുത്തരുത്

ഫ്രാൻസീസ് പാപ്പാ നമ്മുടെ ഹൃദയങ്ങൾ മന്ദീഭവിക്കരുത് (ലൂക്ക.21.34) എന്ന് ശക്തിയായി ഈശോ നമ്മോട് ആവശ്യപ്പെടുന്നുണ്ട്. നാം ജീവിതത്തിന്റെ പല വേളകളിലും സ്വയം ചോദിക്കുന്നു: എങ്ങനെ ഒരു 'കനമില്ലാത്തതും' 'ഉണർന്നിരിക്കുന്നതും' 'സ്വതന്ത്രവും' ആയ ഹൃദയം ലഭിക്കും? ദു:ഖത്താൽ ഞെരുക്കപ്പെടാൻ അനുവദിക്കാത്ത ഒരു ഹൃദയമാണോ നമ്മുടേത്? പാപ്പ പറയുന്നത് സന്താപം മോശമാണ്. നമ്മുടെ വ്യക്തിജീവിതത്തെ ക്കുറിച്ചോ അല്ലെങ്കിൽ ഇന്ന് ലോകത്ത് സംഭവിക്കുന്നതിനെ കുറിച്ചോ ഉള്ള ഉൽക്കണ്ഠകളും വേവലാതികളും ഭയങ്ങളും പാറകൾ പോലെ നമ്മെ ഭാരപ്പെടുത്തുകയും നമ്മെ വളരെ നിരുൽസാഹപ്പെടുത്തുകയും ചെയ്യാം. ഫ്രാൻസീസ് പാപ്പ പറയുന്നത് നമ്മുടെ ഹൃദയത്തെ ആകുലതകൾ വളരെ ഏറെ ഭാരപ്പെടുത്തുകയും നമ്മെ സ്വയം അടച്ചു പൂട്ടുന്നതിലേക്കു നയിക്കുകയും ചെയ്യുന്നുവെങ്കിൽ ധീരതയോടെ ശിരസ്സുയർത്തി നിൽക്കാൻ ഈശോ നമ്മോട് ആവശ്യപ്പെടുന്നു. ഫ്രാൻസീസ് പാപ്പാ പഠിപ്പിക്കുന്നത് ഈശോ നമ്മെ രക്ഷിക്കാൻ ആഗ്രഹിക്കുന്നു എന്നു മാത്രമല്ല നമ്മുടെ അസ്തിത്വത്തിന്റെ എല്ലാ സാഹചര്യങ്ങളിലും നമുക്ക് സമീപസ്ഥമായിരിക്കുന്ന അവന്റെ സ്നേഹത്തിൽ വിശ്വസിക്കാൻ നമ്മെ ക്ഷണിക്കുന്നു എന്നുമാണ്. തന്റെ സ്വന്തം ജീവിതത്തിൽ മനുഷ്യൻ പ്രത്യാശ കണ്ടെത്തുന്നതിന് ഈശോയ്ക്ക് ഇടം നൽകണമെന്ന് ഫ്രാൻസീസ് പാപ്പ ആവശ്യപ്പെടുന്നു.

മനുഷ്യപുത്രന്റെ ആഗമനത്തെ കുറിച്ചുള്ള ചിന്തയിൽ നാം സ്വയം ചോദിക്കണം: ഭയം, ആശങ്കകൾ, ഭാവിയെ കുറിച്ചുള്ള ആകുലതകൾ എന്നിവയാൽ നമ്മുടെ ഹൃദയം തളർന്നിരിക്കുകയാണോ എന്ന്. ദൈനംദിന സംഭവങ്ങളിലും ചരിത്ര സംഭവങ്ങളിലും ഉപരി വിശാലമായ ചക്രവാള സീമകളിലേക്ക് ദൈവം കാണുന്നതു പോലെ നമ്മുടെ കണ്ണുകളിലൂടെ നോക്കാൻ നമുക്ക് കഴിയുന്നുണ്ടോ എന്നതാണ് നമ്മൾ വിചിന്തന വിഷയമാക്കേണ്ടത്. അല്ലാതെ നാം തന്നെ നമ്മെ നിരാശയ്ക്ക് വിട്ടു കൊടുക്കരുത്. നമ്മുടെ ഹൃദയങ്ങളുടെ ഭാരം ലഘൂകരിച്ച് നമ്മുടെ ജീവിത യാത്രയിൽ നമുക്ക് തുണയാകുന്ന ഈശോയെ നമുക്കും ലോകത്തിനും നൽകിയ പരിശുദ്ധാ മറിയത്തിന്റെ പക്കൽ നമുക്കണയാം. പരിശുദ്ധാ അമ്മയെ പോലെ ഇതാ കർത്താവിന്റെ ദാസൻ/ദാസി എന്ന് ഏറ്റു പറയാൻ നമുക്ക് പരിശ്രമിക്കാം.❍



# ജീവദാതാവായ പരിശുദ്ധാത്മാവ്

***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.***


അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



**ക്രിസ്തു ജീവിക്കുന്നു – ഭാഗം 17**

130. ഈ മൂന്നു സത്യങ്ങളിൽ ദൈവം നിങ്ങളെ സ്നേഹിക്കുന്നു; ക്രിസ്തുനിങ്ങളുടെ രക്ഷകനാണ്; അവിടുന്ന് ജീവിക്കുന്നു– നാം പിതാവായ ദൈവത്തെയും യേശുവിനെയും കാണുന്നു. സ്വർഗ്ഗസ്ഥനായ പിതാവും പുത്രനുമുള്ളയിടങ്ങളിൽ പരിശുദ്ധാത്മാവും ഉണ്ട്. ആസന്ദേശം സ്വീകരിക്കാൻ ഹൃദയങ്ങളെ ശാന്തമായി തുറക്കുന്നത് അവിടുന്നാണ്. രക്ഷയെക്കുറിച്ചുള്ള നമ്മുടെ പ്രത്യാശയെ അവിടുന്ന് സജീവമായി നിലനിർത്തുന്നു. അവിടുത്തെ പ്രവർത്തനത്തോട് നിങ്ങൾ തുറന്നിരിക്കുന്നുവെങ്കിൽ, ആനന്ദത്തിൽ വളരാൻ അവിടുന്ന് നിങ്ങളെസഹായിക്കും. പരിശുദ്ധാത്മാവ് ഉത്ഥിതനായ ക്രിസ്തുവിന്റെ ഹൃദയം നിറയ്ക്കുകയും അനന്തരം നിങ്ങളുടെ ഹൃദയങ്ങളിലേക്ക് കവിഞ്ഞൊഴുകുകയുംചെയ്യുന്നു. നിങ്ങൾ പരിശുദ്ധാത്മപിയെ സ്വീകരിക്കുമ്പോൾ, അവിടുന്ന് എക്കാലത്തേയുംകാൾ കൂടുതലായി ക്രിസ്തുവിന്റെ തിരുഹൃദയത്തിലേക്ക് നിങ്ങളെആകർഷിക്കുന്നു. അവിടുത്തെ സ്നേഹത്തിലും അവിടുത്തെ ജീവിതത്തിലും അവിടുത്തെ ശക്തിയിലും വളരാൻ നിങ്ങൾക്കു കഴിയുന്നതിനു വേണ്ടിയാണിത്.

131. ഈ വലിയ സന്ദേശം പുതിയതായി അനുഭവിക്കുന്നതിൽ നിങ്ങളെ സഹായിക്കാൻ ഓരോ ദിവസവും പരിശുദ്ധാത്മപിയോട് അപേക്ഷിക്കുവിൻ. എന്തു കൊണ്ടുപാടില്ല? നിങ്ങൾക്ക് നഷ്ടപ്പെടാൻഒന്നുമില്ല. അവിടുത്തേക്ക് നിങ്ങളുടെ ജീവിതം മാറ്റാനും അതിനെ പ്രകാശം കൊണ്ടു നിറയ്ക്കാനും കൂടുതൽ നല്ല പാതയിലൂടെ അതിനെ നയിക്കാനും




കഴിയും. അവിടുന്ന് നിങ്ങളിൽ നിന്ന് ഒന്നും എടുത്തുമാറ്റുന്നില്ല. മറിച്ച്, സാധ്യമായ ഏറ്റവും നല്ല മാർഗത്തിൽ നിങ്ങൾക്കാവശ്യമുള്ളതെല്ലാം കണ്ടെത്താൻ അവിടുന്ന് നിങ്ങളെ സഹായിക്കുന്നു. നിങ്ങൾക്ക് സ്നേഹംആവശ്യമാണോ? മറ്റാളുകളെ ഉപയോഗിച്ചുകൊണ്ട്, അഥവാ സ്വന്തമാക്കാൻ ശ്രമിച്ചുകൊണ്ട്, അഥവാ ആധിപത്യം പുലർത്തിക്കൊണ്ട് അത് കൈവശമാക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല. നിങ്ങളെ യഥാർത്ഥത്തിൽ സന്തുഷ്ടരാക്കുന്ന ഒരു മാർഗത്തിൽ നിങ്ങൾ അത് കണ്ടെത്തും . ശക്തമായ വികാരങ്ങൾ നിങ്ങൾ തേടുകയാണോ? ഭൗതികവസ്തുക്കൾ കുന്നുകൂട്ടിക്കൊണ്ട്, പണം ചെലവാക്കിക്കൊണ്ട്, ഈ ലോകത്തിന്റെ കാര്യങ്ങളെ സാഹസികമായി പിൻതുടർന്നുകൊണ്ട്, നിങ്ങൾ അവ അനുഭവിക്കുകയില്ല. പരിശുദ്ധാത്മാവിനാൽ പ്രചോദിതരാകാൻ നിങ്ങൾ നിങ്ങളെത്തന്നെ അനുവദിക്കുന്ന പക്ഷം, വളരെക്കൂടുതൽ മനോഹരവും അർത്ഥപൂർണ്ണവുമായ ഒരു മാർഗത്തിൽ അവ ലഭിക്കും.

132. നിങ്ങൾ വികാരം തേടുകയാണോ? ആ മനോഹരമായ കവിത പറയുന്നതുപോലെ: "സ്നേഹത്തിൽവീഴുക!" (അഥവാ "സ്നേഹിക്കപ്പെടാൻ നിങ്ങൾ നിങ്ങളെത്തന്നെ അനുവദിക്കുക"), എന്തെന്നാൽ "ദൈവത്തെ കണ്ടെത്തുന്നതിനേക്കാൾ, തികച്ചും നിരുപാധികവും അന്തിമവുമായ ഒരു മാർഗത്തിലൂടെ സ്നേഹത്തിൽ വീഴുന്നതിനേക്കാൾ, കൂടുതൽ പ്രായോഗികമായി ഒന്നുമില്ല. നിങ്ങൾ എന്തിനെ സ്നേഹിക്കുന്നുവോ, നിങ്ങളുടെ ഭാവനയെ എന്തുകൈവശപ്പെടുത്തുന്നോ, അത് സകലതിനെയും ബാധിക്കും. രാവിലെ കിടക്കയിൽ നിന്നെഴുന്നേൽക്കുമ്പോൾ നിങ്ങൾക്കെന്തുകിട്ടും, നിങ്ങളുടെസായാഹ്നങ്ങളിൽനിങ്ങൾഎന്തുചെയ്യും, നിങ്ങളുടെവാരാന്ത്യങ്ങൾനിങ്ങൾഎങ്ങനെചെലവഴിക്കും, നിങ്ങൾഎന്തുവായിക്കും, നിങ്ങൾക്ക് ആരെ അറിയാം, നിങ്ങളുടെ ഹൃദയത്തെ ഭേദിക്കുന്നത് എന്താണ്, ആനന്ദവും കൃതജ്ഞതയും കൊണ്ട് നിങ്ങളെ വിസ്മയിപ്പിക്കുന്നത് എന്താണ്, ഇവയെല്ലാം അത് തീരുമാനിക്കും. സ്നേഹത്തിൽ ഏർപ്പെടുക,
സ്നേഹത്തിൽ നിലനിൽക്കുക. എല്ലാം അതു നിശ്ചയിക്കും.ജീവിതത്തിൽ സകലതിനെയും ഉത്സാഹപൂർവം സമീപിക്കാൻ കഴിയുന്ന ദൈവത്തോടുള്ള ഈ സ്നേഹം, പരിശുദ്ധാത്രുപിയിലൂടെ സാധ്യമാണ്. എന്തെന്നാൽ, "നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു" (റോമാ. 5:5).

133. യുവജനങ്ങളുടെ ഏറ്റവും മികച്ച നിലയിലുള്ളസ്രോതസ്സാണവിടുന്ന്. എന്തെന്നാൽ, കർത്താവിൽ ശരണപ്പെടുന്നവർ"ആറ്റുതീരത്തുനട്ട മരംപോലെയാണ്. അതു വെള്ളത്തിലേക്കുവേരൂന്നിയിരിക്കുന്നു. അത് വേനൽക്കാലത്തെ ഭയപ്പെടുന്നില്ല. അതിന്റെ ഇലകൾ എന്നും പച്ചയാണ്" (ജ, 17:8). "യുവാക്കൾപോലും തളരുകയും ക്ഷീണിക്കുകയും" (ഏശ. 40:30) ചെയ്യുമ്പോൾ, കർത്താവിനു വേണ്ടികാത്തിരിക്കുന്നവർ "വീണ്ടുംശക്തിപ്രാപിക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽതളരുകയുമില്ല" (ഏശ. 40:31). (തുടരും)

# ഈശോ
# നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ
## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



**നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...**

**ജീസസ് ആന്റ് മേരി സന്യാസസഭ**

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*


**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

# Knock, Ireland

**TWO SESSIONS**

2024
**DECEMBER 27 - 29**
09:00 AM - 7 PM

2024
**DECEMBER 31 - JANUARY 2 , 2025**
09:00 AM - 7 PM

Venue

Alexian Brothers
Churchfield
Knock
Co Mayo
F12PK73

# WORKSHOP ON CHARISMS

*Do you know ,what Charisms the Lord has bestowed upon you? Each one of you already possesses many charisms!*



*"For this reason, I remind you to stir into flame the gift of God..." (2 Timothy 1:6)*

*When these spiritual gifts are activated stirred, you will feel the anointing and can do great things for the Kingdom of God! Come and receive greater anointing and recognize your CHARISMS…*



*Holy Mass and Confession at Knock Shrine*

*Led by Br. Thomas Paul Kodiyan, Germany*

**FOR MORE INFORMATION & REGISTRATION**

John Larkin +353 87 687 8418

Sonia Noble +353 86 878 3252

Booking is required as spaces are limited

Voluntary donations appreciated, no obligation



**വാർത്തയും ചിന്തയും**

# ചേർത്തു പിടിക്കണം, വാർധക്യത്തിന്റെ വിറയാർന്ന കരങ്ങളെ...

**ആന്റണി ചടയംമുറി**

**വാർത്ത**

78 കാരനായ മുഖ്യമന്ത്രിയും 75 കാരനായ പ്രധാനമന്ത്രിയും നമുക്കുണ്ട്. എന്നിട്ടും, കേരളത്തിൽ ഒരു വയോജന കമ്മീഷൻ രൂപീകരിക്കാൻ 2024 നവംബറിലെ അവസാന മന്ത്രിസഭായോഗം വരെ നമുക്ക് കാത്തിരിക്കേണ്ടി വന്നു! എഴുപതു കഴിഞ്ഞ ഏതൊരു ഭാരതീയനും ഇന്ത്യയിലെ 30,000 ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുമെന്ന് ഇപ്പോൾ കേന്ദ്ര സർക്കാരും പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ, എത്രത്തോളം വയോജന സൗഹൃദമാണ് നമ്മുടെ നാട് ? പെരുവഴിയിലും സ്വന്തം വീടുകളിലും മുതിർന്ന പൗരന്മാർ സുരക്ഷിതരാണോ ? പ്രായമായവരെ തേടി ഭരണത്തിന്റെ കരങ്ങളെത്തുന്നുണ്ടോ ? മസ്റ്ററിംഗ് വീട്ടിൽ പോയി നടത്തുക, പെൻഷൻ വീട്ടിലെത്തിച്ചു കൊടുക്കുക തുടങ്ങിയ മാറ്റങ്ങൾ ഭരണതലത്തിൽ കണ്ടു തുടങ്ങിയിട്ടുണ്ട്. നല്ല കാര്യം. പക്ഷെ ഒരു ഇവന്റ്, അല്ലെങ്കിൽ ആഘോഷം എന്നതിനപ്പുറം വാർധക്യത്തിന്റെ വിറയാർന്ന കരങ്ങളെ പൊതുപരിസരം എത്രത്തോളം ചേർത്തുപിടിക്കുന്നുണ്ട് ?


കേരളത്തിന്റെ കാരുണ്യ ചികിത്സാ പദ്ധതിയിലെ കുടിശ്ശിക 1700 കോടി കവിഞ്ഞു. നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 41.99 ലക്ഷം കുടുംബങ്ങളുണ്ട്. 70 കഴിഞ്ഞ 27 ലക്ഷം പേർ ഈ പട്ടികയിൽ ഉൾപ്പെടും. അതുകൊണ്ടുതന്നെ, ഈ പദ്ധതി പ്രായോഗികമാകുമോ എന്നറിയില്ല. ചില ദേശീയ കണക്കുകൾ കൂടി : രാജ്യത്തെ 14.3 ശതമാനം വൃദ്ധരും ജീവിക്കുന്നത് ഒറ്റയ്ക്കാണ്. നഗരങ്ങളിലെ 100 വൃദ്ധരിൽ 15 പേരും ഗ്രാമീണ മേഖലയിലെ 13.4 ശതമാനം പേരും ഇപ്പോൾ ഒറ്റയ്ക്ക് താമസിക്കുന്നവരുമാണ്!

**ചിന്ത**

ഓരോ വ്യക്തിയുടെയും ജീവൻ–അത് ഗർഭസ്ഥ ശിശുവിന്റേതായാലും, രോഗിയുടേതായാലും, ഭിന്നശേഷിക്കാരന്റേതായാലും, വൃദ്ധരുടേതായാലും – സകലർക്കും ഒരു ദാനമാണ്.

**– വിശുദ്ധ ജോൺ പോൾ മാർപ്പാപ്പ– (ഏഷ്യയിലെ സഭ – പേജ് 90)**

# PRE-ORDER NOW




"Human suffering is a way towards the mystery. Bresson says, I am only a way to mystery. For him, suffering is the way to have a contact with God (mystery)."

**— Mons. Dario Edoardo Viganò**
*Vice Chancellor to the Pontifical Academy of Sciences and Social Sciences, Holy See*

# ROBERT BRESSON CINEMATOGRAPHY
## Theology of Suffering

---

## Dr. Cibu Irimbinikal

Foreword by
**Mons. Dario Edoardo Viganò**

ISBN: **978-93-92231-85-8**
Pages: **312**

**₹495**
**Including Postage**

RECTO & VERSO

Place order / Phone Pay: **+91 99475 89442**
Buy Online @ **www.vcthomaseditions.com**

VATHICAN THARANGAM
RN 55178/94
Total Pages 28 Date of Publication 30-11-2024

കെസിബിസി മീഡിയ കമ്മീഷൻ
നൽകുന്ന

# ജെയിംസ് കെ. സി. മണിമല
# സാഹിത്യ അവാർഡ് 2024



ജയിംസ് കെ.സി. മണിമല
(1923 - 1973)



## ഷീലാ ടോമി

നോവൽ : 'ആ നദിയോട് പേര് ചോദിക്കരുത്'

അവാർഡ് ദാനം

20 - 12 - 2024

5 : 30 പി എം

വേദി : പി.ഒ.സി. ഓഡിറ്റോറിയം

കെസിബിസി മീഡിയ കമ്മീഷൻ

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.